

മലയാള മനോരമ ആഴ്ചപ്പതിപ്പും വിഎഫ്പിസികെയും ചേർന്ന് ആലുവയിൽ സംഘടിപ്പിച്ച മിനി കൃഷി ഫാം സെമിനാർ വിഎഫ്പിസികെ ജില്ലാ മാനേജർ എസ്. മഞ്ജുഷ ഉദ്ഘാടനം ചെയ്യുന്നു. സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ശാലിനി, മലയാള മനോരമ സർക്കുലേഷൻ സീനിയർ ജനറൽ മാനേജർ തോമസ് രവി, വിഎഫ്പിസികെ ഡപ്യൂട്ടി മാനേജർ ബിനു വി. പണിക്കർ എന്നിവർ സമീപം.



എടത്തല അൽഅമീൻ കോളജിൽ ആരംഭിച്ച ആരോഗ്യപ്പച്ച പദ്ധതി മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു. ഇ.വി. ലത, പ്രഫ. എം.ബി. ശശിധരൻ, സാജിത അബ്ബാസ്, പി.എച്ച്. മുസ്തഫ, അസ്‌ലഫ് പാറേക്കാടൻ എന്നിവർ സമീപം.

# അൽഅമീൻ കോളജിൽ കമ്യൂണിറ്റി എക്സ്റ്റൻഷൻ ക്ലബ് പദ്ധതികൾ

എടത്തല ● 130 കോടി ജനങ്ങളെ തീറ്റിപ്പോറ്റുന്ന കർഷകർക്ക് അർഹമായ സാമൂഹിക അംഗീകാരം ലഭിക്കുന്നില്ലെന്നു മന്ത്രി കെ. കൃഷ്ണൻകുട്ടി. അൽഅമീൻ കോളജ് കമ്യൂണിറ്റി എക്സ്റ്റൻഷൻ ക്ലബ് നടപ്പാക്കുന്ന പാഠം രണ്ട്, ആരോഗ്യപ്പച്ച പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പഞ്ചായത്ത് അംഗം അസ്‌ലഫ് പാറേക്കാടൻ അധ്യക്ഷത വഹിച്ചു.

പ്രിൻസിപ്പൽ പ്രഫ. എം.ബി. ശശിധരൻ, പഞ്ചായത്ത് പ്രസിഡന്റ് സാജിത അബ്ബാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സ്വപ്ന ഉണ്ണി, കൃഷി ഓഫിസർമാരായ ഇ.വി. ലത, സിമ്മി ജോർജ്, ജോൺ ഷെറി എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികൾക്കൊപ്പം രക്ഷിതാക്കൾക്കും പഠന സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് പാഠം രണ്ട്. എറണാകുളം ജനറൽ ആശുപത്രിയിലെ രോഗികളുടെ ഭക്ഷണത്തിനു വിഷരഹിത പച്ചക്കറി നൽകുന്ന പദ്ധതിയാണ് ആരോഗ്യപ്പച്ച.

Scanned by CamScanner